ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം പ്രസക്തമല്ല.

സഹകരണ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

94 [5650] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ സഹകരണ യൂണിയൻവഴി താൽക്കാലിക ജീവനക്കാരെ നിയമിക്കുവാനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മുമ്പ് നിലവിലുണ്ടായിരുന്ന ആ സംവിധാനം നിറുത്തലാക്കാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഇപ്രകാരം താൽക്കാലിക നിയമനത്തിന് സ്വീകരിച്ചിട്ടുള്ള സംവിധാനം വിശദമാക്കാമോ;

(ഡി) സഹകരണ വിദ്യാഭ്യാസ യോഗ്യത നേടിയ തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി പ്രത്യേക സഹകരണ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംവിധാനം നടപ്പിലാക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ, അപ്പക്സ് ബാങ്കുകൾ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ബാങ്കുകൾ, അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിലെ ജൂനിയർ ക്ലാർക്ക് തസ്തികകൾക്ക് മുകളിലുള്ള തസ്തികകളിലേയ്ക്ക് നിയമനങ്ങൾക്കായുള്ള എഴുത്തുപരീക്ഷ സംസ്ഥാന സഹകരണ എക്സാമിനേഷൻ ബോർഡ് മുഖേനയുമാണ് നടത്തുന്നത്. അതിനാൽ, സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന എംപ്ലോയ്മെന്റ് ബ്യൂറോയുടെ പ്രസക്തി ഇല്ലാതാകുകയും ആയത് ഫലപ്രദമല്ലെന്ന് കണ്ടതിനെത്തുടർന്ന് ടി സംവിധാനം നിർത്തലാക്കുകയും ചെയ്തു.

(സി) സഹകരണ സംഘങ്ങളിലെ താൽക്കാലിക നിയമനത്തിന് പ്രത്യേക സംവിധാനമില്ല.

(ഡി) ഇല്ല.

പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് നിയമനം

95 [5651] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൻ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് നിയമനങ്ങൾ നടത്തുന്നതിന് സർക്കാരിൽനിന്ന് ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് അതാതിടത്തെ ഭരണ സമിതിക്ക് അധികാരമുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി. എസ്. സി.-ക്ക് വിടുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

മുൻ ഗവൺമെന്റിന്റെ കാലത്ത് ട്രഷറിയിൽ പണം നിക്ഷേപിച്ച ജില്ലാ സഹകരണ ബാങ്കുകൾ

96 [5652] ശ്രീ. ഡി. സുഗതൻ:
„ ഇ. എം. അഗസ്തി:
„ എം. എ. ചന്ദ്രശേഖരൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് സർക്കാർ നിർദ്ദേശം അനുസരിച്ച് ട്രഷറിയിൽ പണം നിക്ഷേപിച്ചത്;

(ബി) ഓരോ ജില്ലാ സഹകരണ ബാങ്കും എന്തു തുക വീതമാണ് ട്രഷറിയിൽ നിക്ഷേപിച്ചത്;

(സി) ഈ തുക പിൻവലിക്കണമെന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിരുന്നുവോ;

(ഡി) ഈ നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് ഓരോ ജില്ലാ ബാങ്കും അവർ ട്രഷറിയിൽ അടച്ച തുക അംഗ സംഘങ്ങൾക്ക് വായ്പ നൽകിയതായി രേഖയുണ്ടാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അപ്രകാരം ചെയ്തത് ബന്ധപ്പെട്ട അംഗങ്ങളുടെ അപേക്ഷയനുസരിച്ചും വായ്പ നൽകുന്ന ചട്ടങ്ങൾക്കും വിധേയമായിട്ടായിരുന്നുവോ;

(എഫ്) അല്ലാത്തപക്ഷം അപ്രകാരം പ്രവർത്തിച്ചവരുടെമേൽ എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly